# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "ബലിപെരുന്നാൾ സന്ദേശം "(12/9/16)

*الله أكبر الله أكبر الله أكبر *

فَلَمَّا أَسْلَمَا وَتَلَّهُ لِلْجَبِينِ (١٠٣) وَنَادَيْنَاهُ أَنْ يَا إِبْرَاهِيمُ (١٠٤) قَدْ صَدَّقْتَ الرُّؤْيَا إِنَّا كَذَلِكَ نَجْزِي الْمُحْسِنِينَ (١٠٥) إِنَّ هَذَا لَهُوَ الْبَلَاءُ الْمُبِينُ (١٠٦) وَفَدَيْنَاهُ بِذِبْحٍ عَظِيمٍ (١٠٧) (الصافات)

➢ ഇന്ന് ബലി പെരുന്നാളാണ്.
ഏവർക്കും എന്റെ ഈദ് ആശംസകൾ നേരുന്നു.

تقبل الله منا ومنكم صالح الأعمال

➢ ഇസ്ലാമിലെ 2 പെരുന്നാളുകളിൽ ശ്രേഷ്ഠമായ പെരുന്നാൾ നിസ്ക്കാരത്തിനാണ് നാം ഒരുമിച്ചു കൂടിയിട്ടുള്ളത്. ഇത് വലിയ പെരുന്നാളും ഈദുൽ ഫിത്വർ ചെറിയ പെരുന്നാളുമാണ്. വലുപ്പവും ചെറുപ്പവും പ്രതിഫലത്തിലും പദവിയിലുമാണ്. നിസ്ക്കാരശേഷം പുണ്യമായ ഉള്ഹിയ്യത്ത് കർമ്മം നടക്കാനുണ്ട്. ഇന്നത്തെ ഏറ്റവും വലിയ അമലാണത്.

➢ മഹത്തായ ഈ ദിനത്തിന്റെ സന്ദേശം 2 കാര്യങ്ങളാണ്.

(1) സമർപ്പണം= تضحية (2) സഹായം= نصرة

➢ സമർപ്പണം കൊണ്ടുദ്ദേശിക്കുന്നത് ഇബ്റാഹീം നബി(അ)യുടെ അതുല്യമായ സമർപ്പണമാണ്. ചരിത്രത്തിൽ സമർപ്പണത്തിന്റെ അനേകം ഉദാഹരണങ്ങൾ കാണാം. ശരീരം സമർപ്പിച്ച ശുഹദാക്കൾ/സമ്പത്ത് സമർപ്പിച്ച ദാനശീലർ/രാഷ്ട്രവും അധികാരവും സമർപ്പിച്ച ത്യാഗിവര്യന്മാർ.... പക്ഷേ സ്വന്തം മകനെ ബലിക്കായി സമർപ്പിച്ച മറ്റൊരു സംഭവം ചരിത്രത്തിലില്ല. ഇവിടെയാണ് ഇബ്റാഹീമി സമർപ്പണം വേറിട്ടുനിൽക്കുന്നത്. ഇത് ചരിത്രത്തിലെ മഹാപരീക്ഷണമായിരുന്നു.

وَإِذِ ابْتَلَىٰ إِبْرَاهِيمَ رَبُّهُ بِكَلِمَاتٍ فَأَتَمَّهُنَّ ۖ (البقرة ١٢٤)

(ഈ പ്രയോഗം ഖുർആനിൽ മറ്റാരെകുറിച്ചും പറഞ്ഞിട്ടില്ല.)

➢ ഇബ്റാഹീം നബി (അ) റബ്ബിന്റെ മുന്നിൽ തന്റെ മകനെ സമർപ്പിച്ചു. ഇസ്മായിൽ (അ) പിതാവിന്റെ മുന്നിൽ തന്റെ ശരീരത്തേയും.

سَتَجِدُنِي إِن شَاءَ اللَّهُ مِنَ الصَّابِرِينَ (الصافات١٠٢)

➢ അപ്പോൾ തന്നെ ആകാശങ്ങൾക്കപ്പുറത്ത് നിന്ന് റബ്ബിന്റെ ഇടപെടൽ ഉണ്ടായി. തന്റെ അടിമകളുടെ നേർക്ക് റബ്ബിന്റെ അപാരമായ കരുണ ഉണ്ടായി. "അഥവ ഗൈബിയായ സഹായം"

وَنادَيْناهُ أَنْ يا إِبْراهِيمُ (١٠٤) قَدْ صَدَّقْتَ الرُّؤْيا إِنَّا كَذلِكَ نَجْزِي الْمُحْسِنِينَ (١٠٥) إِنَّ هذا لَهُوَ الْبَلاءُ الْمُبِينُ (١٠٦) وَفَدَيْناهُ بِذِبْحٍ عَظِيمٍ (١٠٧)

➢ ബലിപെരുന്നാളിന്റെ രണ്ടാമത്തെ സന്ദേശം ഈ ദൈവീകസഹായമാണ് = نصرة إلَهِيَّة

റബ്ബിന്റ താൽപര്യത്തിന്റെ മുന്നിൽ ഇന്നും സമർപ്പിക്കാൻ നമുക്ക് മനസ്സുണ്ടെങ്കിൽ റബ്ബിന്റെ സഹായം തീർച്ചയായും വന്നെത്തും.

➢ ഇന്നത്തെ ആഗോള മുസ്‌ലിംകൾക്കുള്ള പാഠമാണിത്. ഇന്ന് കോടിക്കണക്കിന് മുസ്‌ലികളുണ്ട്. ജൂതൻ ന്മാർ തുലോം തുച്ഛമാണ്. പക്ഷേ ഇന്ന് ഇബ്റാഹീം (അ) ന്റേയും ഇസ്മാഈൽ (അ)ന്റെയും ചുണക്കുട്ടന്മാരായ മക്കൾ ഉണ്ടോ എന്നതാണ് പ്രശ്നം. അതുണ്ടായാൽ ഇബ്‌ലീസും സർവ്വ ശത്രുക്കളും തോറ്റു തുന്നം പാടും.

يَا أَيُّهَا الَّذِينَ آمَنُوا إِنْ تَنْصُرُوا اللَّهَ يَنْصُرْكُمْ وَيُثَبِّتْ أَقْدَامَكُمْ (محمد:٧)

➢ അല്ലാമാ ഇഖ്ബാൽ പറഞ്ഞു:

ആഘ്ഹെ ഔലാദെ ഇബ്റാഹീംഹെ നംറൂദ് ഹെ
ക്യാകീസികോ ഫിർ കിസീകാ ഇംതിഹാൻ മഖ്സൂദ്ഹെ?

(ഇന്നും തീ കുണ്ഢാരമുണ്ട്. ഇബ്റാഹീമിന്റെ മക്കളുണ്ട്, നംറൂദുകളുമുണ്ട്. ആർക്കെങ്കിൽ ഇനിയും ഒന്ന് കൂടി പരീക്ഷിക്കാൻ ആഗ്രഹമുണ്ടോ?)

➢ ഇതൊരു വെല്ലുവിളിയാണ്.

ആ വെല്ലുവിളി ലോകത്തിന് ഏറ്റെടുക്കാനാവില്ല. നാം യഥാർത്ഥ ഇബ്റാഹീമുകളായാൽ, നാം യഥാർത്ഥ ഇസ്മാഈലുകളായാൽ. അഥവാ ആ പരീക്ഷണം വിജയിക്കില്ല.

➢ ഈ പാഠം നമുക്കും ലോകത്തിനും പാഠമാകട്ടെ.

ഒരിക്കൽ കൂടി ഈദാശംസകൾ

الله أكبر ولله الحمد

തയ്യാറാക്കിയത്:
സി. എ. മൂസാ മൗലവി മുവാറ്റുപുഴ.
9447465648